
## കത്തുകൾ




# കുപ്പിയിലടച്ച കുമ്പളം

**കുമ്പളം** സ്വതന്ത്രമായി വളർന്നാൽ നല്ല പുഷ്ടിയുണ്ടാകും. എന്നാൽ, ചെറുതിലേ കുപ്പിയിലാക്കിയാൽ കുപ്പിയോളമേ വലുതാകൂ. ഇതുപോലെയാണ് ഇന്ന് മുസ്‌ലിം സമുദായത്തിന്റെ അവസ്ഥയും. സമുദായം എങ്ങനെ വളരണമെന്നും എത്ര വളരണമെന്നും തീരുമാനിക്കുന്നത് പുരോഹിതന്മാരാണ്. പുരോഹിതന്മാർ സമുദായത്തെ അന്ധവിശ്വാസത്തിന്റെയും അജ്ഞതയുടെയും കുപ്പിയിലടച്ചിരിക്കുകയാണ്; ജനങ്ങളുടെ ചിന്താശക്തി മരവിപ്പിച്ചുനിർത്തിയിരിക്കുകയാണ്. ഖബ്ർ പൂജയുടെയും സിദ്ധഭക്തിയുടെയും ഉറൂസുകളുടെയും ജാറങ്ങളുടെയും ആൾക്കാരുണ്ട്. ഖുർആൻ ജീവിതത്തിൽ പകർത്തി മാതൃക കാണിക്കുന്നതിനോ നബിചര്യ ജീവിതവ്രതമാക്കുന്നതിനോ ഉള്ള ഒരു പ്രോഗ്രാമും പുരോഹിതന്മാരുടെ അജണ്ടയിലില്ല. പുണ്യത്തിനു വേണ്ടി ഓതാനും നോമ്പുകാലത്ത് 'ഖത്തം' തീർക്കാനും രോഗത്തിന് മന്ത്രിച്ചൂതാനുമുള്ളതാണ് ഖുർആൻ എന്നാണ് സമുദായത്തെ പഠിപ്പിച്ചുവിട്ടിരിക്കുന്നത്. നിത്യനൂതനമായ പ്രത്യയശാസ്ത്രമെന്ന നിലയിൽ, അനുഗ്രഹപൂർണമായ സംസ്കാരമെന്ന നിലയിൽ ഇസ്‌ലാമിനെ അവതരിപ്പിക്കാൻ അവർക്ക് കഴിവോ താൽപര്യമോ ഇല്ല.

മുസ്‌ലിം ഭൂരിപക്ഷ പ്രദേശങ്ങളിൽ എത്ര സിദ്ധന്മാരെയും ഔലിയാക്കളെയും കറാമത്തുകാരെയുമാണ് സമുദായം പോറ്റി വളർത്തുന്നതെന്ന് കണക്കെടുത്താൽ സമുദായത്തെ പൊതിഞ്ഞ ഇരുട്ടിന്റെ കട്ടി എത്രയുണ്ടെന്ന് ബോധ്യമാകും. ആൾദൈവവേട്ടക്കിടയിൽ ഏതെല്ലാം മാളങ്ങളിൽനിന്നാണ് സിദ്ധന്മാർ പുറത്തുവരുന്നത്. അവരെ തൊലിയുരിച്ചുകാണിക്കാനല്ല, വീണ്ടും വിഗ്രഹങ്ങളായി പ്രതിഷ്ഠിക്കാനാണ് ശ്രമം.

സമത്വത്തിന്റെയും സാഹോദര്യത്തിന്റെയും അടിത്തറയുള്ള വിശ്വാസ സംഹിതയിലാണ് നിലകൊള്ളുന്നതെങ്കിലും സമുദായത്തിൽ കടുത്ത ഉച്ചനീചത്വങ്ങൾ പ്രകടമാണ്. സമുദായത്തിലെ താഴെ തട്ടിലുള്ള ബഹുഭൂരിപക്ഷത്തെ പുരോഹിതന്മാരും സിദ്ധന്മാരും പങ്കിട്ടെടുക്കുകയും നിരന്തരം ചൂഷണം ചെയ്യുകയുമാണ്. താഴെ തട്ടിൽ വെളിച്ചം പ്രസരിക്കുന്നതിനുള്ള എല്ലാ പഴുതുകളും പുരോഹിതന്മാർ ജാഗ്രതയോടെ നിരീക്ഷിക്കുകയും തൽക്ഷണം അടച്ചുകളയുകയും ചെയ്യുന്നു.

സ്ത്രീസമൂഹത്തോടു കാണിക്കുന്ന കൊടുംപാതകമാണ് സ്ത്രീധനമെന്ന് മനുഷ്യപ്പറ്റുള്ള ആരെയും പറഞ്ഞുബോധ്യപ്പെടുത്തേണ്ടതില്ല. എന്നാൽ ആ കൊടുംക്രൂരതയെപ്പോലും ന്യായീകരിക്കുകയും അതിനു വേണ്ടി വാദിക്കുകയും ചെയ്യുന്ന പുരോഹിതവർഗത്തെ എന്തു വിളിക്കും?

സമുദായത്തിലെ ചെറിയൊരു ന്യൂനപക്ഷം പണം കൊണ്ട് പന്തുകളിക്കുകയാണ്. ധിക്കാരമാണ് അവരുടെ ജീവിതശൈലി. അഹന്തയാണ് അവരുടെ മുഖമുദ്ര. പുരോഹിതന്മാർ അവരുടെ പിന്നാലെയുണ്ട്. ഉപദേശിച്ച് നന്നാക്കിക്കളയാനല്ല; പാട്ടിലാക്കി പണം പിടുങ്ങാൻ. സ്ഥാപനങ്ങൾ ഉയരുന്നത് ആളുകളെ സംസ്കരിച്ചെടുക്കാനല്ല; പണം കൊയ്യാനാണ്.

പ്രതികരണശേഷി നഷ്ടപ്പെടുന്നതിനെക്കുറിച്ച് സി. രാധാകൃഷ്ണൻ ഒരു കഥ ഉദ്ധ

## ഓച്ചിറയിലെ ആത്മീയ വ്യവസായം

**കേരളത്തിലെ** മുസ്‌ലിംകളിലൊരു വിഭാഗം വിശ്വാസ ജീർണതയുടെ അഗാധ ഗർത്തങ്ങളിലേക്ക് കൂപ്പുകുത്തിക്കൊണ്ടിരിക്കുകയാണ്. പരാജയപ്പെട്ടുകൊണ്ടിരിക്കുന്ന ഒരു സമുദായത്തിന്റെ വ്യക്തമായ ചിത്രമാണ് അവരുടെ ചില പ്രവൃത്തികളിൽ കാണാനാവുന്നത്. 'സമസ്ത'യിലെ ഒരു ഗ്രൂപ്പിന്റെ നേതാവും കേരളത്തിലെ അറിയപ്പെടുന്ന യാഥാസ്ഥിതിക പണ്ഡിതനുമായ ഒരാൾ കുറച്ചു മുമ്പ് ഉദ്ഘാടനം ചെയ്ത കൊല്ലം ജില്ലയിലെ ഒരു ജാറത്തിന്റെ കഥ ഇസ്‌ലാമിനെ സ്നേഹിക്കുന്ന ആരെയും ദുഃഖിപ്പിക്കും. ഓച്ചിറയിൽ അഴുക്കുനിറഞ്ഞ സ്ഥലത്ത് കഴിഞ്ഞുകൂടിയതിനാൽ കുപ്പസ്വാമി എന്നറിയപ്പെട്ട ദാമോദരൻ മരണപ്പെട്ടപ്പോൾ അതുവരെ അദ്ദേഹത്തിന് ഭക്ഷണം കൊടുത്തിരുന്ന ഒരു മുസ്‌ലിം സ്ത്രീ ആ ശവം വരുമാനമാർഗമാക്കാൻ നോക്കി. പക്ഷേ, ഓച്ചിറയിലെ ഒരു വിഭാഗം ഗുണ്ടകളെ വിട്ട് ശവം പിടിച്ചെടുത്ത് ജാറം കെട്ടിപ്പൊക്കി ഓച്ചിറ ഉപ്പാപ്പ എന്ന് പേരിട്ട് ആത്മീയ ചൂഷണം നടത്തുകയാണ്. മുസ്‌ലിം വേൾഡ് ലീഗിന്റെ മുഖപത്രമായ *അർറാബിത്വ* മാസിക പോലും റിപ്പോർട്ട് ചെയ്തിട്ടും കേരളത്തിൽ പ്രസ്തുത സംഭവം വലിയ ചർച്ചയാവാതിരുന്നത്, നാം ആത്മീയ ജീർണതകളുമായി അത്രമാത്രം സമരസപ്പെട്ടു എന്നതിന് തെളിവാണ്.

**ഹനീഫ് വളാഞ്ചേരി**

രിക്കുകയുണ്ടായി: "പ്രതികരണശേഷി പഠിക്കാൻ ഒരു ശാസ്ത്രജ്ഞൻ പാത്രത്തിലെ തിളക്കുന്ന വെള്ളത്തിലേക്ക് തവളയെ ഇട്ടു. വെള്ളത്തിൽ തൊടേണ്ട താമസം തവള കുതിച്ചു ചാടി രക്ഷപ്പെട്ടു. പിന്നീടദ്ദേഹം അതേ പാത്രത്തിൽ പച്ച വെള്ളം നിറച്ച് അതേ തവളയെ അതിൽ ഇട്ടു. തവള സുഖമായി നീന്തിരസിച്ചു വസിക്കെ അടിയിൽ തീയിട്ടു. വെള്ളം പതുക്കെ പതുക്കെ ചൂടായിവരുമ്പോഴും തവള തന്റെ ആ സുഖവാസ സ്ഥലം കൈയൊഴിയാൻ മുതിർന്നില്ല. അവസാനം അത് പ്രതികരിക്കാൻ നിശ്ചയിച്ചപ്പോഴേക്ക് അതിന്റെ ദേഹം പൊള്ളലേറ്റ് അവശമായിപ്പോയി. ശേഷം ചിന്ത്യം!" ഇതേ അവസ്ഥയിലേക്കാണ് മുസ്‌ലിം സമുദായത്തെ പുരോഹിതന്മാർ കൊണ്ടെത്തിച്ചിരിക്കുന്നത്.

**കെ.പി ഇസ്മാഈൽ കണ്ണൂർ**

## ലോട്ടറിയും കേരള സർക്കാറും

**രാജ്യത്ത്** മൊത്തമായി ലോട്ടറി നിരോധിക്കുക എന്ന കേന്ദ്ര സർക്കാർ നിലപാടിനോട് കേരള സർക്കാറിന്റെ പ്രതിനിധി പ്രതികൂലമായാണ് പ്രതികരിച്ചത്. കേരളത്തിൽ എല്ലാ ലോട്ടറികളും നിരോധിക്കാമോ എന്ന് സുപ്രീം കോടതി ആരാഞ്ഞപ്പോൾ, അരുതെന്നായിരുന്നു കേരള സർക്കാറിന്റെ പ്രതികരണം. 'ഓൺലൈൻ ലോട്ടറി മാഫിയയെ സഹായിക്കാൻ കേന്ദ്ര സർക്കാർ കുത്സിത ശ്രമം നടത്തുന്നു' വെന്ന ആരോപണമുയർത്തിയിരിക്കുകയാണ് ധനമന്ത്രി തോമസ് ഐസക്ക്.

റവന്യൂ വരുമാനവും തൊഴിൽ പ്രശ്നവുമാണ് ഭാഗ്യക്കുറി നിരോധത്തിനെതിരെ ഉയർത്തുന്ന തടസ്സവാദങ്ങൾ. കൊടിയ സാമൂഹികതിന്മയായ മദ്യം നിരോധിക്കുന്നതിനെതിരെ ഉന്നയിക്കപ്പെടുന്ന തടസ്സവാദങ്ങളും ഇതുതന്നെയാണല്ലോ. വ്യഭിചാരശാലകൾ പോലുള്ള കാര്യങ്ങൾക്ക് അംഗീകാരം കൊടുത്താലും, ഇവിടെ തൊഴിൽ സാധ്യതകൾ ഉണ്ടാവുകയും റവന്യൂ വരുമാനം കൂടുകയും ചെയ്യുമല്ലോ. തൊഴിൽസാധ്യതകൾക്കും റവന്യൂവരുമാന വർധനക്കും നാം സ്വീകരിക്കുന്ന മാർഗങ്ങൾ സമൂഹത്തിൽ എന്തു മാത്രം പ്രത്യാഘാതം സൃഷ്ടിക്കുമെന്ന ചിന്ത, ധാർമികതയുടെ ഭാഗമായി കാണാൻ നമുക്ക് കഴിയേണ്ടതില്ലേ?

സമ്മാനവാഗ്ദാന പരസ്യങ്ങളുടെ പെരുമഴയിൽ 'ഭാഗ്യടിക്കറ്റു'കളെടുത്ത് നിരാശ മാത്രം ബാക്കിയാവുന്ന സാധാരണക്കാരായ പതിനായിരങ്ങളുണ്ടിവിടെ. ലോട്ടറി എന്ന ചൂഷണത്തിന്റെ പ്രത്യാഘാതം തിരിച്ചറിഞ്ഞതു കൊണ്ടല്ലേ ഇന്ത്യൻ ശിക്ഷാ നിയമം ലോട്ടറി കുറ്റകരമായി പ്രഖ്യാപിച്ചത്! 'ഭാഗ്യക്കുറികൾ നാട്ടുകാർക്ക് ഗുണകരമാണെന്ന് പറയുന്നവർ. നാട്ടുകാരെ നിശ്ചയമായും വഞ്ചിക്കുകയാണ് ചെയ്യുന്നത്' (*നാട്ടിൻപുറത്തെ പട്ടിണി പാവങ്ങളോട്*, ലെനിൻ, പേജ് 56).

മോഷണം, പോക്കറ്റടി, വ്യഭിചാരം, ഭവനഭേദനം, പിടിച്ചുപറി, കള്ളക്കടത്ത്, കള്ളനോട്ട് നിർമാണം തുടങ്ങിയവയിലൂടെ വളരെ പേർക്ക് തൊഴിൽ ലഭ്യമാവുമെങ്കിലും ഇതൊന്നും അംഗീകരിക്കാൻ നാം കൂട്ടാക്കാത്തതിലെ നീതിശാസ്ത്രവും ധാർമികതയും ലോട്ടറി എന്ന കൊടും ചൂഷണത്തിന്റെ കാര്യത്തിൽ എന്തേ നമുക്ക് അസ്വീകാര്യമാവുന്നത്?

**റഹ്മാൻ മധുരക്കുഴി**

## ഇന്റർനെറ്റിലെ ദഅ്‌വാ സാധ്യതകൾ

**ഇന്റർനെറ്റിലെ** ദഅ്‌വാ സാധ്യതകൾ എന്ന ലേഖനം (ലക്കം 49) ശ്രദ്ധേയമായി. സാങ്കേതികവിദ്യയുടെ അതിനൂതന മേഖലകളിലേക്കാണ് ലോകം പുരോഗമിക്കുന്നത്. അതിനനുസരിച്ച് മനുഷ്യന്റെ ജീവിതശൈലിയും മാറിക്കൊണ്ടിരിക്കുന്നുണ്ട്. അവന്റെ പഠനവും ഗവേഷണവും വിനോദം പോലും ടെക്നോളജിയുടെ നൂതന മാർഗങ്ങൾ ഉപയോഗിച്ചാണ് നടത്തിക്കൊണ്ടിരിക്കുന്നത്. ലോകത്തിന്റെ സ്പന്ദനം വിരൽതുമ്പുകൊണ്ട് ഇന്ന് തൊട്ടറിയാം.

വിവരസാങ്കേതിക രംഗത്ത് അഭൂതപൂർവമായ മുന്നേറ്റം ഉണ്ടായിട്ടുണ്ടെങ്കിലും ആ സംവിധാനം പ്രബോധന രംഗത്ത് ഉപയോഗപ്പെടുത്താൻ കാര്യമായ ശ്രമങ്ങളൊന്നും ഉണ്ടായിട്ടില്ല. പലർക്കും പ്രബോധന പ്രവർത്തനങ്ങൾക്കായി ഒരു വെബ്സൈറ്റ് നിലനിർത്തിക്കൊണ്ടുപോകാൻ പ്രയാസമായിരിക്കും.

ഇന്റർനെറ്റ് സംവിധാനം '90കളോടെ കേരളത്തിലും വ്യാപകമായെങ്കിലും അടുത്തകാലത്ത് മാത്രമാണ് ആ രംഗത്തേക്ക് പലരും കടന്നുവന്നത്. ഇപ്പോഴും അതർഹിക്കുന്ന ഗൗരവത്തോടെ അതിനെ സമീപിക്കുന്നില്ല. ദീനീമേഖലയും ശാസ്ത്ര സാങ്കേതിക സംവിധാനവും സംയോജിപ്പിച്ചുകൊണ്ടുപോകുന്നതിന്റെ പ്രാധാന്യം ഇനിയും ബോധ്യപ്പെടാനിരിക്കുന്നേയുള്ളൂ. അതിനാൽ തന്നെ പ്രവർത്തനങ്ങൾക്ക് പഴയ രീതി തന്നെയാണ് ഇന്നും അവലംബിച്ചുവരുന്നത്. ജീവിതത്തിന്റെ എല്ലാ രംഗങ്ങളും ടെക്നോളജിയിലേക്ക് മാറിയ ഇക്കാലത്ത് ഖുർആന്റെ ആശയപ്രചാരണത്തെ പഴയ ശൈലിയിൽ ഒതുക്കിനിർത്തുന്നത് ഒട്ടും ആശാവഹമല്ല.

ഇതര പ്രത്യയശാസ്ത്രങ്ങളുടെയും ദർശനങ്ങളുടെയും പ്രചാരണങ്ങൾ സൈബർ സ്പേസിൽ നിറഞ്ഞുനിൽക്കുമ്പോൾ, ഇസ്‌ലാമിക ചലനങ്ങളുടെ അസാന്നിധ്യം എളുപ്പത്തിൽ ശ്രദ്ധയിൽ പെടും. ഇസ്‌ലാമിന്റെ പേരിൽ നിലകൊള്ളുന്നവയിൽ പലതും അന്ധവിശ്വാസങ്ങളുടെയും ആത്മീയ കച്ചവടത്തിന്റെയും പ്രചാരകരാണ് താനും.

**അബ്ദുൽ ജലീൽ**
info@vazhi.org

## ചുരുക്കെഴുത്ത്

**മുഹമ്മദ്** ശമീമിന്റെ യുക്തിവാദിയുമായുള്ള സംവാദം (ലക്കം, 2,3) നിലവാരം പുലർത്തി. യുക്തിവാദി ഡോക്ടറുടെ പത്ത് വാദമുഖങ്ങൾക്ക് യുക്തിയുക്തമായി മറുപടി പറയാൻ ലേഖകന് സാധിച്ചിരിക്കുന്നു.

**മമ്മൂട്ടി കവിയൂർ**